വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) ഇതിലേക്ക് കേന്ദ്രഗവണ്മെണ്ടുമായി വേണ്ട നടപടികൾ നടത്തിയിട്ടുണ്ട്;

(ബി) അറിയാം.

ഇന്നാട്ടിലെ തുകൽവ്യവസായം

* ൭൫൨. (൫൯) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഉഗ്രങ്ങളുടെ തോൽകൊണ്ടുണ്ടാക്കുന്ന ചെരിപ്പ്, പെട്ടി, ബെൽറ്റ് മുതലായവ ഉപയോഗിക്കരുതെന്നുള്ള കാൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. താണ്ഡൻജിയുടെ അഭിപ്രായത്തെ സമാദരിച്ച് ഇന്നാട്ടിലെ തുകൽവ്യവസായം നിരോധിക്കുവാൻ ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടോ?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): ഇല്ല.

പഞ്ചായത്ത് കമ്മിറ്റി

* ൭൫൩. (൫൪) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അയിരൂർ വില്ലേജ് പഞ്ചായത്തിലെ കമ്മിറ്റി മെമ്പറന്മാരുടെ അഴിമതികളെപ്പറ്റി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എന്തെങ്കിലും കമ്മിറ്റി മെമ്പർ പണം അപഹരിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി നടത്തി?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഡെപ്യൂട്ടി ഡയറക്ടർ (ലോക്കൽ പഞ്ചായത്ത്) ഡയറക്ടർ സ്ഥലത്തു ചെന്നു അന്വേഷണം നടത്തുകയും, ആ മെമ്പറുടെ സമാധാനം ആവശ്യപ്പെടുകയും ചെയ്തു. ആ സമാധാനം ഇപ്പോൾ പഞ്ചായത്തിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

UPLIFT CENTRES

*783. [66] **Sri. N. K. Krishna Pillai:** Will the Hon'ble Minister for Industries be pleased to state:

(a) with reference to the Village Uplift Centres in Neyyattinkara Taluk how many such centres are working in that Taluk;

(b) which are those centres;

(c) what is the amount that was sanctioned for Pallichal Village Uplift Centres in 1124;

(d) whether the whole amount was spent;

(e) if not how much; and

LIBRARY ARCHIVES Kerala Legislative Assembly